നമ്പർ.സി1/901/റ്റി.സി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
തീയതി: 24.09.2009

പ്രേഷകൻ
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് – സ്കൂൾ കുട്ടികളെ വാഹനങ്ങളിൽ കുത്തിതിരുകുന്നത് നിയന്ത്രിക്കണമെന്ന ആവശ്യം –സംബന്ധിച്ച്

സൂചന: 29.06.2009 ലെ ഈ ഓഫിസിൽ നിന്നുള്ള കത്ത് നം.സി1/10955/റ്റി.സി/09

മേൽ പറഞ്ഞ സൂചനയിലേക്ക് താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. സ്കൂൾ കുട്ടികളെ വാഹനങ്ങളിൽ കുത്തിതിരുകികൊണ്ട് സർവ്വീസ് നടത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് സൂചനപ്രകാരം താങ്കളോട് ആവശ്യപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള ദുർനടപടികൾ തടയുന്നതിന്റെ ഭാഗമായി രാവിലെയും, വൈകുന്നേരവും പ്രത്യേക പരിശോധന നടത്തേണ്ടതാണ്. പരിശോധന സമയത്ത് കുട്ടികളിൽ അരക്ഷിതാവസ്ഥയോ, ഭയപ്പാടോ സൃഷ്ടിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കുറ്റക്കാർക്കെതിരെ ലൈസൻസ്, പെർമിറ്റ് തുടങ്ങിയവ റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടത് മാത്രമല്ല ഈ വിഷയവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ മുഖാന്തിരം ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ,
സീനിയർ സൂപ്രണ്ട്
കെ എസ്